"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം സ്വന്തമായി ഉല്പാദിപ്പിക്കുന്ന സൂക്ഷ്മ മൂലകങ്ങൾ, ജൈവ ഉല്പാദനോപാദികൾ തുടങ്ങിയവ ടെണ്ടർ കൂടാതെ വാങ്ങാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1211/2025/LSGD തീയതി,തിരുവനന്തപുരം, 17-05-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം.1087/2020/തസ്വഭവ; തീയതി 10.06.2020
2. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
3. വെജിറ്റബിൾ ആൻഡ് ഫ്രൂട്സ് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 14.05.2024ലെ VFPCK/CA1/GoK Communications/2024/409 നമ്പർ കത്ത്
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.04.2025-ന്ന നടന്ന യോഗത്തിന്റെ തീരുമാനം 4.58

**ഉത്തരവ്**

ബഹു. കൃഷി വകുപ്പ് മന്ത്രി ചെയർമാനായ വെജിറ്റബിൾ ആൻഡ് ഫ്രൂട്സ് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK) യിൽ നിന്നും വിത്ത്, നടീൽ വസ്തുക്കൾ, ഗ്രോബാഗ് എന്നിവ വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പരാമർശം 1 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക് ഗ്രോബാഗുകൾ നിരോധിക്കുകയും പകരമായി മൺചട്ടികൾ, HDPE കണ്ടയിനറുകൾ എന്നിവ പ്രോത്സാഹിപ്പിക്കേണ്ടതാണെന്ന് കൃഷി വകുപ്പ് നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ, HDPE ഗ്രോബാഗുകൾ, HDPE ചട്ടികൾ, മൺചട്ടികൾ എന്നിവ VFPCK യിൽ സജ്ജമാക്കിയിട്ടുണ്ടെന്നും, കൂടാതെ ടെക്നോളജി ട്രാൻസ്ഫർ മുഖേന പഴം - പച്ചക്കറി കൃഷിയ്ക്കാവശ്യമായ സൂക്ഷ്മമൂലകങ്ങളും, ഗുണമേന്മയുള്ള ജൈവ ഉൽപാദനോപാധികളും ഉൽപാദിപ്പിക്കുന്നുണ്ടെന്നും, അതിനാൽ HDPE ഗ്രോബാഗുകൾ, HDPE ചട്ടികൾ, മൺചട്ടികൾ, സൂക്ഷ്മമൂലകങ്ങൾ, ജൈവ ഉൽപോദനോപാധികൾ എന്നിവ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളയിൽ (വി.എഫ്.പി.സി.കെ) നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വാങ്ങുന്നതിന് അനുമതി നൽകണമെന്നും VFPCK ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. HDPE ചട്ടികളും, മൺ ചട്ടികളും VFPCK സ്വയം ഉൽപാദിപ്പിക്കുന്നില്ല. അതിനാൽ, പരാമർശം 1 പ്രകാരം അനുമതി നൽകിയിട്ടുള്ളതിന് പുറമെ, VFPCK സ്വന്തമായി

ഉല്പാദിപ്പിക്കുന്ന സൂക്ഷ്മ മൂലകങ്ങൾ, ജൈവ ഉല്പാദനോപാദികൾ തുടങ്ങിയവ മാത്രം VFPCKയിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, VFPCK, മൈത്രി ഭവൻ, കാക്കനാട്, കൊച്ചി - 682037
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കൃഷി വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 17-05-2025 16:37:04

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്